**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - എട്ടാം ശമ്പള പരിഷ്കരണ സമയത്ത് പുതുക്കിയ ശമ്പള സ്കെയിലിലും പഴയ ശമ്പള സ്കെയിലിലുമായി വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ അനോമലി - പരിഗണിക്കുന്നതിൽ - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കുന്നത് സംബന്ധിച്ച് - ഉത്തരവു പുറപ്പെടുവിക്കുന്നു

---

ധനകാര്യ (പെൻഷൻ-ബി) വകുപ്പ്

സ.ഉ(പി) നം. **159/2017/ധന** തിരുവനന്തപുരം, തീയതി **27/12/2017**

---

പരാമർശം:
1) 17.03.2006 ലെ സ.ഉ (പി) നം. 125/06/ധന നമ്പർ ഉത്തരവ്
2) 25.03.2006 ലെ സ.ഉ (പി) നം.145/06/ധന നമ്പർ ഉത്തരവ്
3) 18.04.2006 ലെ സ.ഉ (പി) നം. 180/2006/ധന നമ്പർ ഉത്തരവ്
4) 24.04.2015 ലെ സ ഉ (പി) നം. 150/2015/ധന നമ്പർ ഉത്തരവ്
5) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19.01.2017 ലെ TA No. 5135, 5676, 6162 of 2012 പൊതു വിധിന്യായം

## ഉത്തരവ്

ശമ്പള പരിഷ്കരണ സമയത്ത് വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ കണക്കാക്കുന്നതിനു ശരാശരി വേതനം തിട്ടപ്പെടുത്തുമ്പോൾ പുതുക്കിയ ശമ്പള സ്കെയിലിലും പഴയ ശമ്പള സ്കെയിലിലുമായി അവസാന പത്ത് മാസത്തെ ശമ്പളം വരുന്ന ജീവനക്കാർക്ക് പഴയ ശമ്പള സ്കെയിലിൽ വിരമിച്ച ആളുകളെക്കാൾ കുറഞ്ഞ പെൻഷനാണ് ലഭിക്കുന്നതെന്ന് കാണിച്ച് നിരവധി പെൻഷൻകാർ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് ഫയൽ ചെയ്യുകയും പരാമർശം (5) പ്രകാരം പരാതിക്കാരെ നേരിൽ കേട്ടതിനു ശേഷം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി

2. 01.07.2004 മുതൽ പ്രാബല്യം നൽകികൊണ്ട് എട്ടാം ശമ്പള കമ്മീഷൻ സംസ്ഥാനത്തെ ശമ്പള/പെൻഷൻ പരിഷ്കരണത്തിന് അനുമതി നൽകിയിരുന്നു.

====>1

02.03.2006 ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ശമ്പള പരിഷ്കരണം നിലവിൽ വന്നത്. പരാമർശം (1) പ്രകാരം ശമ്പള പരിഷ്കരണ കമ്മീഷന്റെ റിപ്പോർട്ട് തത്ത്വത്തിൽ അംഗീകരിച്ചുകൊണ്ട് ശമ്പള/പെൻഷൻ പരിഷ്കരണ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. കൂടാതെ ശമ്പള/പെൻഷൻ പരിഷ്കരണത്തിന്റെ പൂർണ്ണമായ നിർവ്വഹണത്തിനുള്ള ഉത്തരവ് പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണെന്ന് പരാമർശം (1)ൽ വ്യക്തമാക്കിയിട്ടുണ്ട്.

3. എട്ടാം ശമ്പള പരിഷ്കരണ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം സർക്കാർ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയുണ്ടായി. തുടർന്ന് പരാമർശം (3) പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാരുടെ പെൻഷൻ പരിഷ്കരിച്ചുകൊണ്ട് വിശദമായ ഉത്തരവ് പുറപ്പെടിവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ 01.07.2004 നോ അതിനു ശേഷമോ ശരാശരി വേതനം പുതിയ ശമ്പള സ്കെയിലിലും പഴയ ശമ്പള സ്കെയിലിലുമായി വരുന്നവർക്ക് 59% ക്ഷാമബത്ത സാങ്കൽപ്പികമായി പഴയ ശമ്പളത്തിനൊപ്പം അധികമായി ചേർത്ത് ശരാശരി വേതനം കണക്കാക്കുന്നതിന് ഉത്തരവ് നൽകിയിരുന്നു. ഇത്തരത്തിൽ പെൻഷൻ കണക്കാക്കുമ്പോഴും പെൻഷനിൽ സാരമായ കുറവുണ്ടാകുന്നവർക്ക് പ്രസ്തുത പ്രശ്നത്തിനു പരിഹാരമായി പരാമർശ ഉത്തരവ് (4) പ്രകാരം 30 വർഷം സേവന ദൈർഘ്യമുള്ള ഒരു പെൻഷണർക്ക് ടിയാൾ വിരമിച്ച തസ്തികയുടെ പുതുക്കിയ ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 50% തുക പെൻഷൻ അനുവദിക്കുന്നതിനും 30 വർഷത്തിൽ കുറവു സേവന ദൈർഘ്യമുള്ളവർക്ക് ആനുപാതികമായി പെൻഷൻ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു

4. 01.07.2004 മുതൽ അന്ത്യോപദാനം (DCRG) 2,80,000/- രൂപയിൽ നിന്നും 3,30,000/- രൂപയായി ഉയർത്തണമെന്നതാണ് മറ്റൊരു ആവശ്യം. പരാമർശം (3) ലെ ഉത്തരവ് പ്രകാരം അന്ത്യോപദാനത്തിന്റെ പരിധി 01.04.2005 മുതൽക്ക് 3,30,000/- രൂപയായി വർദ്ധിപ്പിച്ചിരുന്നു. സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത തീരുമാനം കൈകൊണ്ടത് എന്നതിനാൽ അന്ത്യോപദാനത്തിനു മുൻകാല പ്രാബല്യം നൽകണമെന്ന ആവശ്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

====>2

5. സർക്കാർ ഇക്കാര്യങ്ങളെല്ലാം തന്നെ വിശദമായി പരിശോധിക്കുകയുണ്ടായി. തുടർന്ന് പരാമർശം (5)ലെ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട കക്ഷികളുമായി 18.04.2017 ന് നേരിൽ കേൾക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി പരിഗണിച്ചും ബി എസ് നകാരയും മറ്റുള്ളവരും V/s യൂണിയൻ ഓഫ് ഇന്ത്യ {(1983(1)SSC 305} എന്ന കേസിലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് പരിഗണിച്ചും പരാതിക്കാരുടെ ആവശ്യം നിരസിച്ചും ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5)ലെ വിധിന്യായം നടപ്പിലാക്കികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**കെ രാജശ്രീ**

**ധനകാര്യ അഡീഷണൽ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ),കേരള, തിരുവനന്തപുരം.
അക്കൌണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം.
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
റജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ അണ്ടർ സെക്രട്ടറി.
ശ്രീ. കെ എം ജമാലുദ്ദീൻ, എ 1-സഫ, കറക്കണ്ണി, വർക്കല പി ഒ, തിരുവനന്തപുരം -695141
ശ്രീ. മഹീന്ദ്രൻ വാസു ഐ. ബി, അഗസ്ത്യ അപ്പാർട്ട്മെന്റ്, വടയക്കാട്, തിരുവനന്തപുരം -35
ശ്രീ. എൻ രാജേന്ദ്രൻ, സൂര്യ, എആർഎ.100, വില്ലഭാഗം ഗാർഡൻസ്, മണ്ണന്തല, തിരുവനന്തപുരം - 15
ശ്രീ. കെ കെ പത്രോസ്, കക്കാട്ടിൽ ഹൗസ്, നം. 2, അശ്വതി ഗാർഡൻസ്, അമ്പലത്തറ, തിരുവനന്തപുരം-26
ശ്രീ. രാജൻ പി എബ്രഹാം, പറയക്കുളത്ത്, നം. 15, അശ്വതി ഗാർഡൻസ്, അമ്പലത്തറ, തിരുവനന്തപുരം-26
ശ്രീ. ജേക്കബ് ഡാനിയേൽ, കനവിൽ, റ്റി സി 26/785, 56/ചെമ്പക നഗർ, ബേക്കറി ജംഗ്ഷൻ, തിരുവനന്തപുരം -1
ശ്രീമതി. ഡി ലളിതാംബിക ദേവി, റ്റിസി 4/512, ശ്രീവിലാസ് ലൈൻ, കവടിയാർ, തിരുവനന്തപുരം-3
ശ്രീ. വൈ ജോർജ്ജ്, റ്റിസി 2/3135, പനച്ചമൂട് ലൈൻ, തിരുവനന്തപുരം-4
ശ്രീ. ജെ സുന്ദരേശൻ, പൗർണ്ണമി, പറക്കോട്ടുകഴി, പന്നിയോട് പി ഒ, പൂവച്ചൽ വഴി തിരുവനന്തപുരം-695 575
ശ്രീ. എം കട്ടപ്പൻ, ചൈതന്യ, റ്റി സി 15/1337, എം.ആർഎ 204, തമ്പുരാൻമുക്ക്, വഞ്ചിയൂർ, തിരുവനന്തപുരം -35
ശ്രീമതി. വി രോഹിണി, പഞ്ചമി, എൽ ഐ സി ലൈൻ - ഡി, പട്ടം, തിരുവനന്തപുരം-4
ശ്രീ. വി ചന്ദ്രൻ, വടക്കയിൽ ഹൗസ്, പയ്യോളി, കോഴിക്കോട് - 673 522
ശ്രീ. പി കൃഷ്ണൻ, ശ്രീകൃപ, പനങ്ങാവിൽ ഹൗസ്, മനക്കടവ് പി ഒ, പന്തീരാൻകാട്, കോഴിക്കോട് -19
ശ്രീമതി. എൻ പി തങ്കമ്മ, മഞ്ജു ഭവൻ, ദേശോധരണി ക്രോസ് റോഡ്, മല്ലപറമ്പ, കോഴിക്കോട് - 9
ശ്രീമതി. എ മേരിക്കുട്ടി, കടമറ്റം, ചെവയൂർ പി ഒ, കോഴിക്കോട് - 17
ശ്രീമതി. ലത സി സി, ധനുഷ്ഷ വെസ്റ്റ് ഹിൽ, കോഴിക്കോട് -5
ശ്രീമതി. പി റ്റി വസന്തകുമാരി, ശിശിരം, റയനംകോത്ത് പി ഒ, കോഴിക്കോട് - 102
ശ്രീമതി. എൻ പി ഭാനുമതി, അമ്പാടി, ഉരുത്തിയോട്, പുതിയറ പി ഒ, കോഴിക്കോട് -4
ശ്രീമതി. എം ശോഭനദേവി, ശിഖാ ഹൗസ്, തടമ്പാട്ടുതാഴം പി ഒ, കരപറമ്പ, കോഴിക്കോട് -571
ശ്രീ. പി വേലായുധൻ, തരോൾപുറയിൽ ഹൗസ്, കരുവഞ്ചൂർ പി ഒ, കുന്നമംഗലം വഴി കോഴിക്കോട് -571

====>3

ശ്രീ. ചാർളി പി, ഐ ജെ കോട്ടേജ്, ചേലപോയിൽ പറമ്പ, ചേവനരമ്പലം, കോഴിക്കോട് -17
ശ്രീ. എ മുഹമ്മദാലി, പൂക്കാട് ഹൗസ്, ഒളവണ്ണ പി ഒ, കോഴിക്കോട് -25
ശ്രീ. എം. കൃഷ്ണൻ, മറച്ചാലിൽ ഹൗസ്, പയ്യോളി പി ഒ, കോഴിക്കോട് -522
ശ്രീ. കെ രവീന്ദ്രൻ, ആരതി, പന്തീരൻകാവ് പി ഒ, ജ്യോതി ബസ് സ്റ്റോപ്പിന് സമീപം, കോഴിക്കോട് -19
ശ്രീ. എം വി മോഹനദാസൻ, സൗമ്യത, ഹോമേജിന് സമീപം, എ ആർ ക്യാമ്പ് റോഡ്, മാരിക്കുന്ന് പി ഒ, കോഴിക്കോട് -12
ശ്രീ. പി എം പത്മനാഭൻ, ദേവികൃഷ്ണ, കണ്ടോലിതൊടി, ഗുരുവായൂരപ്പൻ പി ഒ, പോക്കുന്നു, കോഴിക്കോട് -014
ശ്രീ. പി വി രാമദാസൻ, 2/109 എ, കൃഷ്ണ കൃപ, പാലാഴി, ഇരുങ്ങല്ലൂർ പി ഒ, കോഴിക്കോട് -14
ശ്രീ എൻ മാധവൻ, നട്ടുക്കണ്ടയിൽ ഹൗസ്, പേരാമ്പ്ര പി ഒ, കുന്നമംഗലം വഴി കോഴിക്കോട് -501
നോഡൽ ഓഫീസർ, www.finance.kerala.gov.in
ലയസൺ ഓഫീസർ (ധനകാര്യം) O/o അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**

====>4